**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കൊല്ലം ജില്ല – പെരിനാട് ഗ്രാമപഞ്ചായത്ത് - വെള്ളിമൺ സാമൂഹ്യ ജലസേചന പദ്ധതിയുടെ കുഴൽ കിണറും ജലസംഭരണിയും പമ്പ്സെറ്റും ഉപയോഗയോഗ്യമാക്കുന്നതിന് പഞ്ചായത്തിന്റെ പ്ലാൻ/തനത് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.316/2018/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 02/02/2018

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 15.02.2017 ലെ 3.14 നമ്പർ തീരുമാനം.

2. പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 20.11.2017 ലെ പി.2/750/15 നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിൽ വെള്ളിമൺ സാമൂഹ്യ ജലസേചന പദ്ധതിയുടെ കുഴൽ കിണറും ജലസംഭരണിയും പമ്പ്സെറ്റും ഉപയോഗയോഗ്യമാക്കി പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പഞ്ചായത്ത് പ്ലാൻ ഫണ്ട് / തനത് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കാൻ അനുമതി നൽകുന്നതിന് പരാമർശം (1) പ്രകാരം തീരുമാനം ഉണ്ടായിട്ടുള്ളതാണെന്നും ആയതിന് സർക്കാർ ഉത്തരവ് നൽകണമെന്നും പരാമർശം (2) പ്രകാരം പെരിനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിൽ വെള്ളിമൺ സാമൂഹ്യ ജലസേചന പദ്ധതിയുടെ കുഴൽ കിണറും ജലസംഭരണിയും പമ്പ്സെറ്റും ഉപയോഗയോഗ്യമാക്കി പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പഞ്ചായത്ത് പ്ലാൻ ഫണ്ട് / തനത് ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിന് പദ്ധതി തയ്യാറാക്കാൻ അനുമതി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
സിനി. ജെ. ഷുക്കൂർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
പ്രസിഡന്റ്, പെരിനാട് ഗ്രാമപഞ്ചായത്ത്, ചെമ്മക്കാട് പി.ഒ, കൊല്ലം - 691603
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.